# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4677. 26-06-2019 ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇടുക്കി, വയനാട് ജില്ലകളിലെ ആയിരക്കണക്കിന് കർഷകർ പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്തവരായിട്ടുണ്ടോ; | (എ) | ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2018 ഡിസംബർ മുതൽ നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ സംസ്ഥാനത്ത് 31/03/2019 വരെ 25.43595 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10/03/2019 വരെ ഒന്നാം ഘട്ട പരിശോധന പൂർത്തിയാക്കിയ 11.45069 ലക്ഷം അപേക്ഷകൾ മാത്രമേ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകുന്നതിന് കേന്ദ്ര സർക്കാർ പരിഗണിച്ചുള്ളൂ.<br>ഇതിൽത്തന്നെ പി.എഫ്.എം.എസ്സ്, ബാങ്ക് തല പരിശോധനകൾ പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് ഒന്നാം ഗഡുവും (ഡിസംബർ 2018 മുതൽ മാർച്ച് 2019 വരെ) ഇവരിൽ തന്നെ അർഹതയില്ല എന്ന് പിന്നീട് കണ്ടെത്തിയ 155 കർഷകരെ ഒഴിവാക്കി 9.31661 ലക്ഷം കർഷകർക്ക് രണ്ടാം ഗഡു (ഏപ്രിൽ 2019 മുതൽ ജൂലായ് 2019 വരെ) ആനുകൂല്യവും കേന്ദ്ര സർക്കാർ അനുവദിച്ചു. രണ്ടാം ഗഡു ആനുകൂല്യം വിതരണം ചെയ്യുന്ന അവസരത്തിൽ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കാരണം 18930 പേർക്ക് അക്കൗണ്ടിലേയ്ക്ക് ആനുകൂല്യം നൽകുന്നതിന് സാധിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ സാങ്കേതിക കാരണങ്ങളാൽ താല്ക്കാലികമായി നിരസിക്കപ്പെട്ട അപേക്ഷകൾ ഇടുക്കി, വയനാട് ജില്ലകളിലും ഉണ്ട്. പോർട്ടലിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഇടുക്കി ജില്ലയിൽ 5302 കർഷകർക്കും വയനാട് ജില്ലയിൽ 7996 കർഷകർക്കും ഒന്നാം ഘട്ടത്തിൽ ആനുകൂല്യം കേന്ദ്ര സർക്കാർ നൽകിയിട്ടില്ല എന്ന് കാണുന്നു. സാങ്കേതിക കാരണങ്ങളാൽ തിരസ്കരിക്കപ്പെട്ട അപേക്ഷകർക്ക്, അവ തിരുത്തി നൽകുന്നതിന് പോർട്ടലിൽ സൗകര്യം ലഭ്യമാണ്. തിരുത്തലുകൾ നടത്തി നൽകുന്ന മുറയ്ക്ക് ഇത്തരം കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് പട്ടയം ഇല്ലാത്ത കർഷകരെ കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് അറിയിക്കുമോ? | (ബി) | പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാരിന്റെ ലാന്റ് റിക്കാർഡിൽ 01/02/2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് മറ്റ് നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹതയുണ്ട്. ഇതിനു പുറമേ വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. പട്ടയം ഇല്ലാത്ത കർഷകരെക്കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**